**സബ്മിഷൻ**

1. പാമ്പാടിയിൽ സ്മാർട്ട് വില്ലേജ് ഓഫീസ്

ശ്രീ. ചാണ്ടി ഉമ്മൻ: സർ, എന്റെ മണ്ഡലത്തിലെ പാമ്പാടി വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട കാര്യമാണ് സബ്മിഷനിലൂടെ ഞാനിവിടെ ഉന്നയിക്കുന്നത്. രണ്ട് വർഷങ്ങൾക്കുമുമ്പാണ് പാമ്പാടി വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി ആറ് മാസത്തിനുള്ളിൽ സ്മാർട്ട് ഓഫീസ് പൂർത്തിയാക്കുമെന്ന് പറഞ്ഞ് ശിലാഫലകം സ്ഥാപിച്ചത്. അതനുസരിച്ച് ആറ് മാസത്തേയ്ക്ക് വില്ലേജ് ഓഫീസ് പ്രവർത്തനത്തിനായി റെഡ് ക്രോസ് സൊസൈറ്റിയുടെ ഹാൾ വാടകയ്ക്കെടുക്കുകയും ചെയ്തു. എന്നാൽ രണ്ട് വർഷം കഴിഞ്ഞിട്ടും തുടർപ്രവർത്തനം നടത്തിയിട്ടില്ല. മാത്രമല്ല, കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം ഇന്ന് കാട് പിടിച്ച് കിടക്കുകയാണ്. ഇന്നിപ്പോൾ സഭ മുമ്പാകെയൊരു സന്തോഷവാർത്ത അറിയാനുള്ളത് എന്താണെന്നുവച്ചാൽ, ഒന്നരവർഷം മുമ്പ് കാണാതായ ശിലാഫലകം കഴിഞ്ഞ ദിവസം കണ്ടുകിട്ടിയപ്പോൾ അതിൽനിന്നും ഒരാളുടെ പേരുപോലും മാഞ്ഞിട്ടില്ലെന്നതാണ്. അതേസമയം ഇതുവരെ റെഡ് ക്രോസ് സൊസൈറ്റിക്ക്

വാടകയും കിട്ടിയിട്ടില്ല. അവിടെ വാഹനം പാർക്ക് ചെയ്യാൻ സ്ഥലമില്ലാത്ത ഒരു സ്ഥിതിയാണുള്ളത്. എത്രയും പെട്ടെന്ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങളിൽ ചില യാഥാർത്ഥ്യങ്ങളുണ്ട്, അത് ഉൾക്കൊള്ളേണ്ടതുമാണ്. കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിലെ പാമ്പാടി വില്ലേജ് ഓഫീസ് നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ആ വില്ലേജിന്റെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകാനുള്ള പ്രൊപ്പോസൽ നൽകുകയും അതിന്റെയടിസ്ഥാനത്തിൽ തറക്കല്ലിടൽ ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ആ വില്ലേജിനെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്ന വിഷയം പിന്നീട് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ സെക്രട്ടേറിയറ്റ് തള്ളിയ സാഹചര്യത്തിൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് 2022-

23 സാമ്പത്തികവർഷം കേരള സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് കെട്ടിടത്തിനായി തിരഞ്ഞെടുക്കുകയായിരുന്നു. 17-03-2023-ലെ റവന്യൂ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം. 1207/2023 പ്രകാരം 50,00,000/- രൂപയുള്ള ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്ത് ഉദ്ദേശം 2392.88 ക്യൂബിക് മീറ്റർ (479 ലോഡ്) ചുവന്ന മണ്ണ് നീക്കം ചെയ്യേണ്ടതായി വന്നു. പ്രസ്തുത മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ തുക കെട്ടിട നിർമ്മാണത്തിനായി അനുവദിക്കപ്പെട്ട എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ ഏജൻസി മുഖേന മണ്ണ് നീക്കം ചെയ്താൽ ഭരണാനുമതി തുക അധികരിക്കുകയും അധിക സാമ്പത്തികബാധ്യത വരുത്തിവയ്ക്കാൻ ഇടയാക്കുകയും ചെയ്യും. മറ്റ് സർക്കാർ പ്രവൃത്തികൾക്ക് മണ്ണ് ആവശ്യമുണ്ടെങ്കിൽ അനുവദിക്കാമെങ്കിലും കോട്ടയം ജില്ലയിലെ വിവിധ വകുപ്പുകളോട് ആവശ്യപ്പെട്ടപ്പോൾ സർക്കാർ ആവശ്യത്തിന് മണ്ണ് ആവശ്യമില്ലെന്ന് പൊതുമരാമത്ത് (കെട്ടിട) വിഭാഗം എക്സിക്യൂട്ടീവ്

എഞ്ചിനീയർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങളും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത മണ്ണ് നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ച് പൊതുലേലത്തിൽ വിൽപ്പന നടത്തി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് കോട്ടയം തഹസീൽദാർ മുഖാന്തരം അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾതന്നെ ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥന്മാരുമായും നിർമ്മാണ ഏജൻസിയുമായും ചർച്ച ചെയ്തിരുന്നു. ഉമ്മൻചാണ്ടി സാറിന്റെ സാന്നിദ്ധ്യത്തിൽ തറക്കല്ലിട്ടൊരു കെട്ടിടമാണെന്നതിന്റെ പ്രത്യേകത പരിഗണനകൂടി ഇതിനുണ്ട്. അതുകൊണ്ട് പാമ്പാടി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് മേൽനോട്ടം നൽകി ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തിയാക്കാനാവശ്യമായ എല്ലാ വിധത്തിലുള്ള നിർദ്ദേശങ്ങളും നൽകുന്നതാണ്.

## 2. പൊന്നാനിയിലെ കടലാക്രമണം

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ ശക്തമായി ഇടപെടുന്ന സർക്കാരാണ് എൽ.ഡി.എഫ്.

സർക്കാർ. കേരളത്തിലെ കടലോരങ്ങളിൽ രൂക്ഷമായ കടൽക്ഷോഭമുണ്ടാകുന്ന സ്ഥലമാണ് പൊന്നാനി. ഹോട്ട് സ്പോട്ടായി അംഗീകരിച്ച പൊന്നാനിയിൽ ഇപ്പോഴുണ്ടായ കടൽക്ഷോഭം കാരണം പൊന്നാനി മുനിസിപ്പാലിറ്റിയിലെ മുറഞ്ഞഴി, അലിയാർ പള്ളി, ഹിളർ പള്ളി, പുതു പൊന്നാനി എന്നിവിടങ്ങളിൽ രൂക്ഷമായ രൂപത്തിലേയ്ക്കുള്ള നാശനഷ്ടമാണുണ്ടായത്. പെരുമ്പടപ്പ് പഞ്ചായത്തിലെ പാലപ്പെട്ടിയിലെ കാപ്പിനിക്കാട്, ആശുപത്രി ബീച്ച്, കടപ്പുറം ജുമാ മസ്ജിദ്, അജ്മീർ പള്ളി, വെളിയങ്കോട് പഞ്ചായത്തിലെ തണ്ണിത്തുറ, പത്തു മുറി മേഖലകളിലും ശക്തമായ കടലാക്രമണമുണ്ടായി. പതിമൂന്ന് കുടുംബങ്ങളെയാണ് മാറ്റിത്താമസിപ്പിച്ചത്. പള്ളികളടക്കമുള്ള മതസ്ഥാപനങ്ങളും പല വീടുകളും ഇപ്പോഴും കടലാക്രമണ ഭീഷണിയിലാണ്. 2017-ലെ ഓഖി, 2019-ൽ രണ്ട് തവണ സൈക്ലോൺ, 2021-ലെ കടലാക്രമണം എന്നിവയ്ക്ക് വിധേയമായ പ്രദേശമാണ് പൊന്നാനി. ഈ രൂക്ഷമായ കടലാക്രമണത്തിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടമാണുണ്ടായിട്ടുള്ളത്. എല്ലായിടത്തും താൽക്കാലിക ആശ്വാസം നൽകുന്നതിന് ചില നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും

അതുകൊണ്ട് പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നില്ല. 25-01-2022-ൽ എ.എസ്. കിട്ടിയ 11 കോടി രൂപയുടെ പ്രവൃത്തിക്ക് ടി.എസ്. കിട്ടിയത് 01-04-2023-ലാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ എട്ട് മാസക്കാലമായിട്ടും പൂർത്തിയാക്കാൻ കഴിയാതെ വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗൗരവക്കുറവുകൊണ്ടുമാത്രമാണ്. ഈ പ്രവൃത്തികളുടെ പൂർത്തീകരണവും അടിയന്തരമായി ചെയ്യേണ്ട രണ്ട് പ്രവൃത്തികളും ഉടനെ ചെയ്തില്ലെങ്കിൽ വലിയ രൂപത്തിലുള്ള നാശനഷ്ടങ്ങൾ അവിടെയുണ്ടാകാൻ സാധ്യതയുണ്ട്. ഹോട്ട് സ്പോട്ടായ പൊന്നാനിയിൽ കടലാക്രമണത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ടെട്രോപോഡുകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൊണ്ടുമാത്രമേ കഴിയൂ. ഇതിനുപുറമേ തൊട്ടടുത്ത സ്ഥലമായ ചാവക്കാട്, കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിലും വലിയ രൂപത്തിൽ കടലാക്രമണമുണ്ടായിട്ടുണ്ട്. അടിയന്തരമായി നടപടി സ്വീകരിച്ചുകൊണ്ട് കടലോരങ്ങളിൽ താമസിക്കുന്ന പാവപ്പെട്ടവരെ രക്ഷപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായിരിക്കുന്ന സമയമാണ്. പൊന്നാനി നിയോജകമണ്ഡലത്തിൽപ്പെട്ട പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിലെ കാപ്പിരിക്കാട്, അജ്മേ ർ നഗർ, പാലപ്പെട്ടി അമ്പലം ബീച്ച് റോഡ്, പാലപ്പെട്ടി എന്നീ പ്രദേശങ്ങളിലും വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ തണ്ണിത്തുറ, പത്തുമുറി പ്രദേശങ്ങളിലും വളരെ ശക്തമായ കടലാക്രമണമാണ് നേരിടുന്നത്. പാലപ്പെട്ടി അമ്പലം ബീച്ച് റോഡ് ഭാഗത്തുള്ള മൂന്ന് വീടുകളിൽ ശക്തമായി വെള്ളം കയറുകയും റവന്യൂ ഡിപ്പാർട്ടുമെന്റ് അവരെ അവിടെനിന്നും മാറ്റിത്താമസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. പൊന്നാനി മുനിസിപ്പാലിറ്റി പ്രദേശങ്ങളായ മുറിഞ്ഞഴി, എം.ഇ.എസ്. കോളേജിന് പുറകുവശം എന്നിവിടങ്ങളിൽ വളരെ ശക്തമായ കടലാക്രമണമുണ്ടായിട്ടുണ്ട്. പെരുമ്പടപ്പ്, വെളിയങ്കോട് പ്രദേശങ്ങളിൽ ശക്തമായ തോതിൽ കടൽ വെള്ളം കരയിലേക്ക് കയറിയിട്ടുണ്ട്. ഇവിടേക്ക് 2021-22-ൽ അനുവദിച്ച പത്തുകോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തിയിൽ പാലപ്പെട്ടി ജുമാ

മസ്ജിദിന് സമീപത്തെ 250 മീറ്ററും വെളിയങ്കോട്, തണ്ണിത്തുറ പ്രദേശത്തെ 234 മീറ്ററും പൊന്നാനി-മരക്കടവ് പ്രദേശത്തെ 600 മീറ്ററും നീളത്തിലുള്ള കടൽഭിത്തി നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പൊന്നാനി-മരക്കടവ് പ്രദേശത്ത് പ്രവൃത്തി തുടങ്ങുകയും ഏകദേശം 170 മീറ്റർ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വേനൽക്കാലത്ത് കള്ളക്കടൽ പ്രതിഭാസം കാരണവും മെയ് മാസം പകുതിയോടെ മഴ പെയ്തതു കാരണവും തീരത്ത് കടലാക്രമണം ഉള്ളതിനാൽ കടൽഭിത്തി നിർമ്മാണം പല സ്ഥലത്തും തടസ്സപ്പെട്ടിട്ടുണ്ട്. ഇപ്പോൾ മൺസൂൺ ശക്തമായതിനാൽ പ്രവൃത്തി വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പെരുമ്പടപ്പ്, അജ്മേർ നഗർ പ്രദേശത്ത് ജിയോ ബാഗ് ഉപയോഗിച്ച് 90 മീറ്റർ അടിയന്തര പ്രവൃത്തി ചെയ്യുന്നതിന് മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽനിന്നും 12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പ് അടിയന്തര പ്രവൃത്തികൾ ചെയ്യുന്നതിന് അനുവദിച്ച ഫണ്ടുപയോഗിച്ച് വെളിയങ്കോട്-തണ്ണിത്തുറയിലെ ഹാച്ചറികെട്ടിടം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊന്നാനി മുനിസിപ്പാലിറ്റി പ്രദേശത്ത് കഴിഞ്ഞ

രണ്ട് മൺസൂൺ സമയത്തും വളരെ രൂക്ഷമായ കടലാക്രമണമുണ്ടായിട്ടുള്ളതും ഇനിയും കടലാക്രമണമുണ്ടാകാൻ സാധ്യതയുള്ളതുമായ എം.ഇ.എസ്. കോളേജിന് പുറകുവശത്തായി മുറിഞ്ഞഴി പ്രദേശത്ത് 105 ലക്ഷം രൂപയുടെ പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ തുടർന്നുകൊണ്ടുപോകുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നിലവിൽ 12 കിലോമീറ്ററോളം വരുന്ന തീരദേശമേഖല കേരളത്തിലെ കടലാക്രമണത്തിന്റെ ഹോട്ട്സ്പോട്ട് മേഖലകളിൽ ഒന്നായി കണ്ടെത്തിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി.ആർ. (നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്) പ്രദേശത്ത് പഠനം നടത്തിയിട്ടുള്ളതും അവർ ആവശ്യപ്പെട്ട രേഖകൾ കൈമാറിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി കാര്യങ്ങൾ ചെയ്യാൻ സാധിക്കും. പ്രധാനപ്പെട്ടൊരു കാര്യം, ഹോട്ട്സ്പോട്ട് ഏരിയയിൽപ്പെട്ടതാണ് പൊന്നാനി. അതിന്റെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. വളരെ പെട്ടെന്നുതന്നെ എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ദ്രുതഗതിയിൽ പൊന്നാനിയിലെ കാര്യവും

ഹോട്ട്സ്പോട്ട് ഏരിയ എന്ന നിലയിൽ പരിഗണിക്കാൻ സാധിക്കും. കൊടുങ്ങല്ലൂരിലെ കയ്പമംഗലം, കപ്പാട്, തലശ്ശേരി, വെള്ളിപറമ്പ് - ഇത്തരം സ്ഥലങ്ങളിലെ എൻ.സി.സി.ആർ. റിപ്പോർട്ട് പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹോട്ട്സ്പോട്ട് ഏരിയയിലുള്ള ചെല്ലാനമാണ് എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമായി പ്രവൃത്തി ആരംഭിച്ച് ഒരു ഘട്ടം കഴിഞ്ഞത്. ഒറ്റമശ്ശേരി, ആലപ്പാട്, കൊല്ലങ്കോട്, ശംഖുംമുഖം ഹോട്ട്സ്പോട്ടുകളുടേയും എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ധ്രുതഗതിയിൽ അവയുടെ വിശദാംശങ്ങൾ തയ്യാറാക്കി പ്രവർത്തനഘട്ടത്തിലേക്ക് പോകുന്നതിനുള്ള നടപടി സ്വീകരിക്കും. കടലാക്രമണവുമായി ബന്ധപ്പെട്ട് ഒമ്പത് തീരദേശ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. വീണ്ടും മഴ ശക്തിപ്രാപിച്ചുവരുന്ന സാഹചര്യത്തിൽ വളരെ പെട്ടെന്ന് ഇടപെടുന്നതിനാവശ്യമായ സാഹചര്യം നിലവിലുള്ളതുകൊണ്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഉൾപ്പെടെ, സർവശ്രീ എ. കെ. ശശീന്ദ്രൻ, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എൻ. കെ.

അക്ബർ, പി. നന്ദകുമാർ, എൻ. എ. നെല്ലിക്കുന്ന്, തോട്ടത്തിൽ രവീന്ദ്രൻ, ശ്രീമതി കാനത്തിൽ ജമീല, കെ. കെ. രമ എന്നിവർ വിവിധങ്ങളായ വിഷയങ്ങൾ പല ഘട്ടങ്ങളിലായി ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശത്തെ മറ്റ് എം.എൽ.എ.-മാരും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തുചെയ്യുന്നതിന് ഒമ്പത് തീരദേശ ജില്ലകൾക്കുമായി ആദ്യം അനുവദിക്കപ്പെട്ട 25 ലക്ഷം രൂപയ്ക്ക് പുറമേ വീണ്ടും 25 ലക്ഷം രൂപകൂടി അടിയന്തരമായി അനുവദിക്കുന്നു എന്ന വിവരം അറിയിക്കുന്നു.

3. തൊടിയൂർ-ആറാട്ടുകടവ് കനാൽ സംരക്ഷണം

ശ്രീ. എം. എസ്. അരുൺ കുമാർ : സർ, മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ടി.എ.കനാലിന് ഏതാണ്ട് 20 കിലോമീറ്റർ നീളമുണ്ട്. ഇതിൽ 14 കിലോമീറ്ററും മാവേലിക്കര മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്. മഴക്കാലത്ത് ടി.എ. കനാൽ കരകവിഞ്ഞൊഴുകി വള്ളിക്കുന്നം, താമരക്കുളം, തെക്കേക്കര പഞ്ചായത്ത്, മാവേലിക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് വളരെയധികം ദുരിതമുണ്ടാക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. വീടുകളിൽ മുഴുവൻ വെള്ളം കയറുന്നതിനാൽ അവർക്ക് ക്യാമ്പുകളിലേക്ക്

മാറേണ്ട സാഹചര്യമാണുള്ളത്. ഇതോടൊപ്പം നൂറ്റിയമ്പത്തിയഞ്ചോളം ഹെക്ടർ കൃഷി നശിക്കുന്ന സാഹചര്യവുംകൂടിയുണ്ട്. കനാലിന്റെ സ്വാഭാവികമായ വീതിയും ആഴവും നഷ്ടപ്പെടൽ, സംരക്ഷണഭിത്തി ഇല്ലാത്ത സാഹചര്യം ഇവകൂടി രൂപപ്പെട്ടിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനും സ്വാഭാവികമായ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാനുള്ള സാഹചര്യവുംകൂടി പ്രത്യേകമായി പരിഗണിച്ച് വീതിയും ആഴവും കൂട്ടി, സംരക്ഷണഭിത്തി വേണ്ടിടത്ത് അവ നിർമ്മിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളുണ്ടാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അരുൺകുമാർ എം.എൽ.എ. പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കൊല്ലം ജില്ലയിലെ തൊടിയൂരിൽനിന്നും ആരംഭിച്ച് മാവേലിക്കര ആറാട്ടുകടവിൽ അവസാനിക്കുന്ന തൊടിയൂർ-ആറാട്ടുകടവ് കനാൽ (ടി.എ. കനാൽ) ഭരണിക്കാവ്, തെക്കേക്കര, ചുനക്കര, താമരക്കുളം, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളും മാവേലിക്കര മുനിസിപ്പാലിറ്റിയും കടന്ന് മാവേലിക്കര ആറാട്ടുകടവിൽ വച്ച്

അച്ചൻകോവിലാറിൽ പതിക്കുന്നു. ഈ പഞ്ചായത്തുകളിലെ പാടശേഖരങ്ങൾ കൃഷിക്കായി ടി.എ. കനാലിനെയാണ് ആശ്രയിക്കുന്നത്. മഴക്കാലത്ത് ഈ ഭാഗങ്ങളിലെ വെള്ളം അച്ചൻകോവിലാറിലേക്ക് ഒഴുക്കിവിടുന്നതും കനാൽ മുഖേനയാണ്. ശരാശരി 8 മീറ്ററിൽ കൂടുതൽ വീതിയുള്ള ടി.എ. കനാൽ നിലവിൽ മണ്ണും പോളയും നിറഞ്ഞ് കരകവിഞ്ഞൊഴുകുന്ന അവസ്ഥയിലാണ്. പല ഭാഗങ്ങളിലും പുതിയ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ 2018-ലെ പ്രളയത്തെത്തുടർന്ന് ടി ഭാഗത്ത് മുമ്പുണ്ടായിരുന്ന സംരക്ഷണഭിത്തിയുടെ പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞുപോയിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷമായി മാവേലിക്കര മുനിസിപ്പാലിറ്റി ഉൾപ്പെടുന്ന പാലങ്ങളുടെ അടിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന പോള നീക്കംചെയ്യുന്ന പ്രവൃത്തി നടത്തിവരുന്നുണ്ട്. മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ഈ വർഷവും 2.5 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തിയതിൽ ഒരു ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി. ഒന്നരലക്ഷം രൂപയുടെ പ്രവൃത്തിയിൽ 95 ശതമാനം പൂർത്തീകരിച്ചു. എന്നാൽ, ഇക്കാര്യത്തിൽ ശാശ്വത പരിഹാരമില്ലാത്തതിനാൽ, പ്രശ്നപരിഹാരത്തിനായി

ടി.എ. കനാലിന്റെ ഭാഗങ്ങൾ പരിശോധിച്ചപ്പോൾ കനാലിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും വേസ്റ്റും അടിയന്തരമായി നീക്കം ചെയ്യേണ്ടതും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന സംരക്ഷണ ഭിത്തിയുടെ ചില ഭാഗങ്ങൾ പുനഃനിർമ്മിക്കേണ്ടതും സംരക്ഷണഭിത്തി ഇല്ലാത്ത ഭാഗത്ത് പുതിയ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുമാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പുതിയ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും തകർന്ന സംരക്ഷണഭിത്തി പുനഃനിർമ്മിക്കുന്നതിനും മുഴുവൻ ഭാഗവും ആഴം കൂട്ടുന്നതിനുമായി ഏകദേശം 37 കോടിയോളം രൂപ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ തുക ലഭ്യമാക്കുന്നതിന് ഏത് ഏജൻസിയെ സമീപിക്കണമെന്നതിനെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട്, ശ്രീ. എം. എസ്. അരുൺകുമാർ എം. എൽ. എ.-യുമായി രണ്ടുമൂന്നു ചർച്ചകൾ നടത്തിയിരുന്നു. ഒരു പൊതുവിഷയമായിത്തന്നെ ഇതിനെ കാണുന്നുണ്ട്. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് കഴിയുന്നത്ര ജാഗ്രത പുലർത്താൻ ആഗ്രഹിക്കുന്നു.

4. <u>അരൂർ-തുറവൂർ റോഡിലെ യാത്രാദുരിതത്തിന് പരിഹാരം</u>

<u>ശ്രീമതി ദെലീമ</u> : സർ, ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിലൂടെ എലിവേറ്റഡ് ഹൈവേ വരുന്നുവെന്നറിഞ്ഞപ്പോൾ, എന്റെ നാട് വളരെയധികം പുരോഗതി പ്രാപിക്കുന്നല്ലോ എന്നോർത്ത് ഞാൻ വളരെയധികം സന്തോഷിച്ചു. പക്ഷേ ഇന്ന് ഞാൻ വളരെയധികം നൊമ്പരപ്പെടുകയും ദിവസവും ശപിക്കുകയും ചെയ്യുന്ന ഒന്നായി മാറി അത്. എലിവേറ്റഡ് ഹൈവേ നിർമ്മാണം തുടങ്ങിയതിനുശേഷം ജനങ്ങൾ നരകയാതന അനുഭവിക്കുകയാണ്. ദേശീയപാതയിലെ റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. പൈലിംഗ് നടത്തുന്ന ചെളി റോഡിലേയ്ക്ക് ഒഴുക്കിവിടുന്നതുമൂലം പൊക്കാളി പാടശേഖരത്തിലെ ചെളിയിലൂടെ നടന്നാൽ എങ്ങനെയായിരിക്കും; അതുപോലെയാണ് ഇവിടത്തെ സഞ്ചാരവും. പൊക്കാളി പാടശേഖരത്തിൽ കാൽ കുഴിഞ്ഞ് നമുക്ക് അപകടമുണ്ടാവില്ല. ഇവിടെ അതിലും വലിയ അപകടമാണ് സംഭവിക്കുന്നത്. ചെളിയും വെള്ളവും

പൊങ്ങി നിൽക്കുമ്പോൾ വൻ ഗർത്തങ്ങൾപോലെ അവിടവിടെ കുഴികൾ നിറയും. ഇതറിയാതെ വരുന്ന പാവപ്പെട്ട കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ബൈക്ക് യാത്രക്കാരും കൺമുന്നിൽ പിടഞ്ഞുവീഴുകയാണ്. നിർമ്മാണം തുടങ്ങിയതിനുശേഷം ഇരുപതോളം മരണങ്ങൾ ഈ പ്രദേശത്തുണ്ടായി. ദിവസംപ്രതി പത്തുവീതം അപകടങ്ങൾ ഉണ്ടാകുകയാണ്. അരൂർ മുതൽ തുറവൂർ വരെ മണിക്കൂറുകളെടുത്താണ് ജനങ്ങൾ വാഹനങ്ങളിൽ യാത്ര ചെയ്യുന്നത്. രോഗികളുമായി പോകുന്ന ആംബുലൻസിന് സമയത്ത് എത്തിച്ചേരാൻ കഴിയാതെ രോഗികൾ മരിക്കാൻ ഇടവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. സമയത്ത് ജോലിക്കെത്താൻ കഴിയാതെ പലരുടെയും ജോലി നഷ്ടപ്പെടുന്നു, വഴിയരികിലെ പല വ്യാപാര സ്ഥാപനങ്ങളും അടച്ചുപൂട്ടിയിരിക്കുന്നു. കോവിഡ് മഹാമാരിയിലും വെള്ളപ്പൊക്ക സമയത്തും എന്റെ നാട്ടിലെ പാവപ്പെട്ട മനുഷ്യർ ഇത്രയും ദുരിതം അനുഭവിച്ചിട്ടില്ല. ദേശീയപാത കേന്ദ്ര ഗവൺമെന്റിന്റേതായതിനാൽ എം.എൽ.എ. ഫണ്ട്

അവിടെ ഉപയോഗിക്കാനും സാധിക്കില്ല. ഈ നിമിഷവും നിയമസഭയിൽ വളരെ വേദനയോടെയാണ് ഞാൻ ഇരിക്കുന്നത്. അങ്ങ് ഈ നിമിഷം സെർച്ച് ചെയ്താൽ തുറവൂർമുതൽ അരൂർവരെ, എത്രമാത്രം ബ്ലോക്ക് അനുഭവിക്കുന്നുവെന്ന് കാണാൻ സാധിക്കും. എലിവേറ്റഡ് ഹൈവേ നിർമ്മാണവേളയിൽ തുടക്കംമുതൽതന്നെ നിർമ്മാണത്തിലെ പാകപ്പിഴകളും അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിരവധി മീറ്റിംഗുകളിലൂടെ പല നിർദേശങ്ങളും കൊടുത്തിരുന്നു. പക്ഷേ യാതൊരു മാറ്റവും ഇതിലുണ്ടായിട്ടില്ല. അതിനാൽ അങ്ങയുടെ ഭാഗത്തുനിന്ന് ഒരു വലിയ ഇടപെടലുണ്ടായി, മണ്ഡലത്തിലെ ബഹുമാനപ്പെട്ട മന്ത്രിമാരായ സജി ചെറിയാൻ, പി. പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ അടിയന്തരമായി ഒരു യോഗം വിളിച്ച് ജനങ്ങളുടെ ദുരിതത്തിന് ശാശ്വതപരിഹാരം കാണാനും പ്രസ്തുത പ്രദേശത്ത് സിഗ്നൽ സംവിധാനം ഇല്ലാത്തതിനാൽ റോഡ്

നിർമ്മാണം പൂർത്തിയാകുന്നതുവരെ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കാനും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേന്ദ്ര സർക്കാരിനുകീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പരിഹരിക്കേണ്ട ഒരു പ്രശ്നമാണ് ബഹുമാന്യയായ ദെലീമ ഇവിടെ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ദേശീയപാതയുടെ പ്രവൃത്തി നടക്കുന്ന ഘട്ടമാണിത്. പലയിടത്തും ഇതിന് സമാനമായ വിഷയങ്ങൾ ബഹുമാന്യരായ നിയമസഭാ സാമാജികർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അതിൽ ഇടപെടലുകളും നടത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ അരൂർ മുതൽ തുറവൂർ വരെയുള്ള ഭാഗത്ത് ആറുവരി പാതയായി ഫ്ലൈഓവർ നിർമ്മാണം പുരോഗമിക്കുകയാണ്. ഈ നിർമ്മാണത്തിനിടയിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നതാണ് പ്രധാനമായും ഇവിടെ ഉന്നയിച്ച വിഷയം. ഈ വിഷയം നേരത്തെതന്നെ ബഹുമാന്യയായ അംഗം ശ്രദ്ധയിൽപ്പെടുത്തുകയും ദേശീയപാത അതോറിറ്റിയോട് അടിയന്തരമായി ഇടപെടണമെന്ന്

ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആവശ്യമായ നിർദേശങ്ങൾ കരാറുകാർക്ക് നൽകിയിട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചത്. ഇപ്പോൾ മഴ കനത്തതോടെ റോഡിൽ കുഴികൾ രൂപപ്പെടുന്നതുകൊണ്ട് വലിയ ഗതാഗത കുരുക്കുണ്ടാകുന്നതായ പ്രശ്നം വീണ്ടും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ദേശീയപാത അതോറിറ്റിയുമായി ഗൗരവത്തോടുകൂടി ചർച്ചചെയ്യാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിയുമായി ഒരു പ്രത്യേക യോഗം ചേരുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നതും അറിയിക്കുകയാണ്.

## 5. കോവളത്തെ റോഡുകൾ റീ-ടാർ ചെയ്യുന്നതിന് നടപടി

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഉച്ചക്കട ജംഗ്ഷനിലും കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറയിലും ഉണ്ടാകുന്ന അനിയന്ത്രിതമായ വെള്ളക്കെട്ട് പരിഹരിക്കണമെന്നും അതോടൊപ്പം പത്തുവർഷം കാലാവധി കഴിഞ്ഞ ശോചനീയാവസ്ഥയിലുള്ള റോഡുകൾ റീ-ടാർ ചെയ്യണമെന്നുമുള്ളതാണ് എന്റെ ഈ സബ്മിഷൻ.

തിരുവനന്തപുരം കോർപ്പറേഷനിലെ മുല്ലൂർ-വെങ്ങാനൂർ ഡിവിഷനുകളും കോട്ടുകാൽ പഞ്ചായത്തും വെങ്ങാനൂർ പഞ്ചായത്തുംകൂടി സംഗമിക്കുന്ന ഒരു പ്രധാനപ്പെട്ട ജംഗ്ഷനാണ് ഉച്ചക്കട. നാലുഭാഗത്തുനിന്നും വെള്ളം വന്ന് കടകളിലേക്കും സ്കൂളുകളിലേക്കും കയറി അവിടത്തെ കച്ചവടക്കാരുടെയും താമസക്കാരുടെയും ജീവിതം ദുരിതപൂർണ്ണമാവുകയാണ്. ഈ മാസംതന്നെ നാലുതവണ വെള്ളം കയറി കടകളിലെ മുഴുവൻ സാധനങ്ങളും നശിച്ചുപോയി. അവിടെ പി.ഡബ്ല്യു.ഡി. റോഡിൽ ഒരു ഓട നിർമ്മിച്ച് വെള്ളം ചാനലിലെ ഔട്ട്‌ലെറ്റിലേക്ക് വിടണം. ബഹുമാനപ്പെട്ട മന്ത്രി ഇതൊരു പൊതുവായ വിഷയമായി കണ്ട് ഇറിഗേഷൻ മന്ത്രിയുമായി ചർച്ച ചെയ്യണം. എല്ലാ ജംഗ്ഷനുകളിലും വെള്ളക്കെട്ടുണ്ടാകുകയാണ്. ഈ വെള്ളത്തെ നമുക്ക് മറ്റൊരിടത്തേക്കും മാറ്റിവിടാൻ കഴിയില്ല. ചാനലിലേക്ക് മാത്രമേ വിടാൻ കഴിയുകയുള്ളൂ. മഴ പെയ്യുമ്പോൾ മാത്രമേ വെള്ളം അങ്ങോട്ടേയ്ക്ക് വിടേണ്ടതുള്ളൂ അല്ലാത്ത സമയത്ത് ചാനലിലേക്ക് വെള്ളം പോകുകയില്ല. അക്കാര്യം മന്ത്രി സംസാരിക്കണം. അത് ചർച്ച ചെയ്ത് ഉച്ചക്കട ജംഗ്ഷനിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് അടിയന്തരമായി പി.ഡബ്ല്യു.ഡി. റോഡിൽ ഓട

നിർമ്മിക്കണമെന്നതാണ് എന്റെ ആവശ്യം. അതോടൊപ്പം പത്ത് പതിനയ്യായിരത്തോളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് അടിമല<u>ത്തു</u>റ. ഒരു മണിക്കൂർ മഴ പെയ്താൽ ആ പ്രദേശം മുഴവൻ വെള്ളക്കെട്ടിലാകും. എല്ലാ വീടുകളിലും വെള്ളക്കെട്ടാണ്. സെപ്റ്റിക്ക് ടാങ്കുകളിൽനിന്ന് ജലം പുറത്തേക്ക് ഒഴുകി ജനങ്ങളുടെ ജീവിതം ദുരിതപൂർണമാകുകയാണ്. സാധാരണയായി മഴ പെയ്താൽ വെള്ളം ഒഴുകിപ്പോകും. പക്ഷേ അവിടെ മാസങ്ങളോളം വെള്ളം നിൽക്കും. വീണ്ടും മഴ പെയ്യുമ്പോൾ വെള്ളക്കെട്ടുണ്ടാകുകയാണ്. അതുകൊണ്ട് അടിമല<u>ത്തു</u>റ പ്രദേശ<u>ത്തു</u>ള്ള പി.ഡബ്ല്യൂ.ഡി. റോഡിന്റെ സൈഡിൽ ആഴത്തിലുള്ള ഒരു ഓട നിർമ്മിച്ച് വെള്ളം കരിച്ചൽ കായലിലേക്ക് ഒഴുക്കിവിടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അതോടൊപ്പം, റസൽപുരം-കുട്ടപ്പന റോഡിന്റെ ഒരു ഭാഗത്ത് റോഡുതന്നെയില്ല. അവിടെ എനിക്കെതിരെ സി.പി.എം.-കാർ ബോർഡ് വച്ചിരിക്കുകയാണ്. ദേശാഭിമാനി പത്രത്തിൽ നാലുകോളം വാർത്തയാണ് വന്നിരിക്കുന്നത്. ആ വാർത്തയടക്കം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകി. ആ റോഡിനായി പലതവണ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും

ഒടുവിലായി **20-11-2023**-ൽ നാലുകോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. അത് അംഗീകരിക്കണം. അതോടൊപ്പം ഏറ്റവും മോശമായ ഭാഗം ടാർ ചെയ്യുന്നതിന് 25 ലക്ഷം രൂപയുടെ ചെറിയ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്, അതും അനുവദിക്കണം. ബാലരാമപുരം-പൂവാർ റോഡ്, തിരുവത്തൂർ-പുല്ലുവിള റോഡ്, പള്ളിച്ചൽ-വിഴിഞ്ഞം റോഡ്, കണ്ണറവിള-മണ്ണക്കൽ റോഡ്, നേമം-പുന്നമൂട് റോഡ്, നെല്ലിവിള-വവ്വാമൂല റോഡ്, പെരിങ്ങമ്മല-കാക്കാമൂല റോഡ്, വെള്ളായണി കായൽ റോഡ്, കല്ലിയൂർ-കാക്കാമൂല റോഡ്, ചപ്പാത്ത്-അമ്പലത്തുമൂല റോഡ്, ഉച്ചക്കട-കരിച്ചൽ കായൽ റോഡ്, പറയൻവിള-കഴിവൂർ റോഡ് - ഇവ ടാർ ചെയ്തിട്ട് പത്തുവർഷം കഴിഞ്ഞിരിക്കുകയാണ്. ഇവ ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മൂന്ന് പ്രധാനപ്പെട്ട ആവശ്യങ്ങളാണ് ശ്രീ. എം. വിൻസെന്റ് സബ്മിഷനിലൂടെ ഉന്നയിച്ചത്. അതിലൊന്ന് അടിമലത്തുറ ഗ്രാമത്തിലെ വെള്ളക്കെട്ടിനെക്കുറിച്ചാണ്. തീരദേശ മേഖലയായ അടിമലത്തുറയിലെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ പി.ഡബ്ല്യു.ഡി. റോഡിൽ ഓട

നിർമ്മിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇക്കാര്യം പരിശോധിച്ച്, ആവശ്യമെങ്കിൽ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ നടത്താൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകും. ഉച്ചക്കട ജംഗ്ഷനിലും സമാനമായ വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. അവിടെയുണ്ടായിരുന്ന കലുങ്കിന്റെ ഔട്ട്‌ലെറ്റ് നേരത്തെ ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിലേക്കായിരുന്നു. അത് അടച്ചതോടെ വെള്ളം പോകാനിടമില്ലാത്ത സാഹചര്യമുണ്ട്. പ്രസ്തുത സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥർക്ക് വെള്ളം ഒഴുക്കി കളയാനുള്ള മാർഗം കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇവിടെ അദ്ദേഹം നിർദേശിച്ച റോഡിൽ ഓട നിർമ്മിക്കുന്നതുകൊണ്ട് വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയില്ലെന്നാണ് ഉദ്യോഗസ്ഥർ വിലയിരുത്തുന്നത്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ സി.എം.ടി. യോഗംകൂടി പ്രാദേശികമായി അതിനുള്ള സാധ്യതകൾ ചർച്ചചെയ്ത് പരിശോധിക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ 12 റോഡുകളുടെ നവീകരണം സാധ്യമാക്കണമെന്ന ആവശ്യംകൂടി സബ്മിഷനിൽ ഉന്നയിച്ചിട്ടുണ്ട്. ഈ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലുൾപ്പെടുത്തി പരിപാലിച്ചുവരുന്നുണ്ട്. ചില

റോഡുകളിൽ ഓവർലേ പ്രവൃത്തികൾ ആവശ്യമായി വരുന്നുണ്ട്. പ്രയോരിറ്റി അനുസരിച്ച് റോഡുകളുടെ റീ-ടാറിംഗ് പ്രവൃത്തികൾ പരിശോധിക്കും. ഒരു കാര്യംകൂടി പറയാനുള്ളത്, നന്നായി ടാർ ചെയ്ത റോഡുകൾ പല ആവശ്യത്തിനുംവേണ്ടി കുത്തിപ്പൊളിക്കുന്നുവെന്നത് പൊതുവേ എല്ലാവരും ചൂണ്ടിക്കാണിക്കുന്ന പ്രശ്നമാണ്. കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ചില ധാരണകളുണ്ടാക്കിയിട്ടുണ്ട്. ഇന്നലെ ഞാൻ തിരുവനന്തപുരം നഗരത്തിലെ നല്ല ഒരു റോഡിലൂടെ യാത്ര ചെയ്യുകയായിരുന്നു. ആ റോഡ് കീറിയിട്ടിരിക്കുന്നതായാണ് കണ്ടത്. കീറിയിട്ട് അടച്ചത് ശരിയായില്ല. അവിടെ ഇരുചക്ര വാഹനങ്ങളിൽ പോകുന്നവർ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. അപ്പോൾത്തന്നെ ഞാൻ ഉദ്യോഗസ്ഥരോട് അന്വേഷിച്ചപ്പോൾ ട്രാഫിക് സിഗ്നലിനുവേണ്ടി പൊളിച്ചതാണെന്നാണ് അവർ പറഞ്ഞത്. തിരുവനന്തപുരം നഗരത്തിലെ മൂന്നിടങ്ങളിലെ റോഡ് കീറിയിരിക്കുകയാണ്. അശാസ്ത്രീയമായി കീറുന്നത് ശരിയല്ലെന്ന കർക്കശ നിലപാടെടുത്തു. ഇന്നലെ തന്നെ അത് പരിഹരിക്കണമെന്ന് പറഞ്ഞിരുന്നു. ഇന്നലെ രാത്രി 12 മണിക്കുള്ളിൽ പ്രശ്നം

പരിഹരിക്കുമെന്നാണ് അവർ പറഞ്ഞത്. ഞാൻ രാത്രി 11.30-ന് ആ പ്രവൃത്തി നടക്കുന്ന സ്ഥലത്തുപോയി നോക്കി. കീറുന്നതുപോലെയല്ല അതിന്റെ പാച്ച്‌വർക്ക് നടക്കുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇതൊരു പ്രശ്നമാണ്. എല്ലാ വകുപ്പുകളുമായി ആലോചിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. കുടിവെള്ളത്തിനുവേണ്ടി കുഴിക്കൽ, വൈദ്യുതി ലൈനിനുവേണ്ടി കുഴിക്കൽ, വൈദ്യുതി പോസ്റ്റിനുവേണ്ടി കുഴിക്കൽ, ട്രാഫിക് സിഗ്നലിനുവേണ്ടി കുഴിക്കൽ - ഇതൊക്കെ കുഴിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ റോഡിലാണ്. പക്ഷേ അത് പഴയതുപോലെയാകാത്ത സ്ഥിതിയാണ് പൊതുവേ കാണാൻ സാധിക്കുന്നത്. ഇതിന് പരിഹാരമായിട്ടാണ് സ്മാർട്ട് റോഡ് സംവിധാനവും മറ്റ് ഡിസൈൻഡ് റോഡ് സംവിധാനവും കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഇത് നമുക്ക് കൂട്ടായി ആലോചിച്ച് ഓരോ നിയോജകമണ്ഡലത്തിലും നിയമസഭാ സാമാജികർ... റോഡുകൾ കുഴിക്കുമ്പോൾ അത് പെർമിഷനോടുകൂടിയാണോ അല്ലെങ്കിൽ നമ്മൾ ഇപ്പോഴുണ്ടാക്കിയ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള ധാരണയുടെ

ഭാഗമായിട്ടാണോയെന്ന് പരിശോധന നടത്തിയിട്ടുമാത്രമേ അതിന് അനുമതി കൊടുക്കാൻ പാടുള്ളൂവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.